"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - സസ്പെൻഷനിലുള്ള നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ആകാശ് രവി-യെ സർവീസിൽ തിരികെ പ്രവേശിപ്പിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2628/2025/GAD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. 28.02.2023 - ലെ സ്പെഷ്യൽ-ഇ2/248/2022-പൊ.ഭ.വ. നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
2. 28.10.2023 - ലെ സ.ഉ. (സാധാ) നം. 4904/2023/പൊ.ഭ.വ.
3. അന്വേഷണ അധികാരി സമർപ്പിച്ച 25.01.2024 - ലെ അന്വേഷണ റിപ്പോർട്ട്.
4. 03.05.2024 - ൽ ശ്രീ. ആകാശ് രവിക്ക് നൽകിയ സ്പെഷ്യൽ-ഇ2/248/2022-പൊ.ഭ.വ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

5 09.12.2024 - ലെ സ.ഉ. (സാധാ) നം. 5429/2024/പൊ.ഭ.വ.

6. ശ്രീ. ആകാശ് രവി - യുടെ സസ്പെൻഷൻ റിവ്യൂ ചെയ്യുന്നതിനായി 20.05.2025 - ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്രമം.

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് സംഘ് എന്ന അംഗീകാരമില്ലാത്ത സംഘടനയുടെ പ്രസിഡന്റുമായ ശ്രീ. ആകാശ് രവി, ബഹു. മുഖ്യമന്ത്രിയ്ക്കെതിരെ അങ്ങേയറ്റം അപകീർത്തികരമായ നോട്ടീസ് ടിയാന്റെ സംഘടനയുടെ പേരിൽ പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥനാണ്. അച്ചടക്ക നടപടിക്രമങ്ങളുടെ ഭാഗമായി ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുന്നതിനായി പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. ജി ഹരികുമാറിനെ പരാമർശം (2) പ്രകാരം അന്വേഷണ അധികാരിയായി നിയമിച്ചിരുന്നു. അന്വേഷണ അധികാരി, ശ്രീ. ആകാശ് രവി - യെ 12.12.2023 - ന് നേരിൽ കേൾക്കുകയും പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ശ്രീ. ആകാശ് രവിയുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കാൻ താൽക്കാലിക തീരുമാനമെടുക്കുകയും പ്രസ്തുത വിവരം ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം

ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ 50,000/- രൂപ നൽകുകയും ദേശാഭിമാനി വരിക്കാരനാകുകയും ചെയ്താൽ അച്ചടക്ക നടപടി ഒഴിവാക്കിക്കൊടുക്കാം എന്ന വാദാനം ഹിയറിംഗ് വേളയിൽ അന്വേഷണ അധികാരി നൽകിയെന്ന് ഹിയറിംഗ് പൂർത്തിയായി അഞ്ച് മാസങ്ങൾക്കുശേഷം 28.05.2024 - ന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീ. ആകാശ് രവി ആരോപണം ഉന്നയിച്ചിരുന്നു. ഇത്തരത്തിൽ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച ശ്രീ. ആകാശ് രവി - യെ പരാമർശം (5) ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

(2) ശ്രീ. ആകാശ് രവി - യുടെ സസ്പെൻഷൻ റിവ്യു ചെയ്യുന്നതിനായി 20.05.2025 - ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ടിയാളുടെ സസ്പെൻഷന് ആധാരമായ വിഷയങ്ങളും ടിയാൾക്കെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക/ക്രിമിനൽ നടപടികളെക്കുറിച്ചും വിലയിരുത്തുകയുണ്ടായി. ടിയാൾക്കെതിരെ നിലവിൽ കഠിന ശിഷയുള്ള മൂന്ന് അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നത് കൂടാതെ, പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ടിയാൾക്കെതിരെ ബലാൽസംഗ കുറ്റത്തിന് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യുകയും (IPC സെക്ഷൻ 354, 376 (2)(n) ബഹു. ഹൈക്കോടതിയിൽ നിന്ന് കർശന ഉപാധികളോടെ ജാമ്യം ലഭിക്കുകയും അതിൻമേലും ടിയാൾ അന്വേഷണം നേരിട്ട് വരികയും ചെയ്യുകയാണ്. ആയതിനാൽ, ഇത്തരത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന് ഒരിക്കലും ചേരാത്ത തരത്തിലുള്ള, സർക്കാർ സർവീസിന് തന്നെ കളങ്കമുണ്ടാക്കുന്ന പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുള്ള ശ്രീ. ആകാശ് രവിയെ സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ ഭൂഷണമല്ലാത്തതിനാൽ ടിയാളെ ഉടനടി സർവീസിൽ തിരികെ പ്രവേശിപ്പിക്കേണ്ടതില്ലായെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു.

(3) മേൽ സാഹചര്യത്തിൽ, പരാമർശം (6) പ്രകാരമുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി തീരുമാന പ്രകാരം, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും, പരാമർശം (5) ഉത്തരവ് പ്രകാരം സസ്പെൻ ഷനിലുമുള്ള ശ്രീ. ആകാശ് രവിയെ ഉടനടി സർവീസിൽ തിരികെ പ്രവേശിപ്പിക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ശ്രീ. ആകാശ് രവി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖേന)

നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 17-06-2025 11:51:29
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. - ന്
ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. - യ്ക്ക്